**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **01-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുമ്പോൾ വിദ്യാർത്ഥികളുടെ ഷിഫ്റ്റ് നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2 ഡോസ് വാക്സിനേഷൻ പൂർത്തീകരിക്കാത്ത അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുള്ള വിദ്യാലയങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുമ്പോൾ ഓരോ ഷിഫ്റ്റിലും എത്തിച്ചേരേണ്ട വിദ്യാർത്ഥികളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തില്ല. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകാവുന്നതാണ്. ആദ്യ രണ്ടാഴ്ച ക്ലാസ്സുകൾ ഉച്ചവരെ ക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയിരം കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കാവുന്നതാണ്. കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ ഇത്തരം ബാച്ച് ക്രമീകരണം നിർബന്ധമല്ല. ക്രമീകരണ ചുമതല സ്കൂൾ മേധാവിക്കായിരിക്കും. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ 2ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കണം,അടുത്ത ബാച്ച് അടുത്ത3 ദിവസമായിരിക്കും സ്കൂളിൽ എത്തേണ്ടത്, ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരേണ്ടതാണ്. ബാച്ചുകളുടെ ക്രമീകരണം സംബന്ധിച്ച് രക്ഷിതാക്കളുടെ അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഒരു പ്രദേശത്ത് നിന്നും വരുന്ന കുട്ടികളെ കഴിവതും ഒരു ബാച്ചിൽ ഉൾപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് |

| | | | |
|---|---|---|---|
| | | | ഇത് സംബന്ധിച്ച് മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | രക്ഷിതാക്കളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണോ വിദ്യാർത്ഥികൾക്ക് ഷിഫ്റ്റ് ഏർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ? | (സി) | ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. എന്നാൽ ബാച്ചുകൾ ക്രമീകരിക്കുന്നതിന് രക്ഷിതാക്കളുമായി ആലോചിക്കണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർ ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ